# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2806 — 06-11-2019-ലെ മറുപടി

## കോതമംഗലം മണ്ഡലത്തിലെ കനാൽ ബണ്ട് റോഡുകൾ

ചോദ്യം
ശ്രീ.ആന്റണി ജോൺ

മറുപടി
കെ. കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| എ) | കോതമംഗലം മണ്ഡലത്തിൽ പെരിയാർ വാലി, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടുകളുടെ ഭാഗമായുള്ള കനാൽ ബണ്ട് റോഡുകൾ തകർന്ന് സഞ്ചാര യോഗ്യമല്ലാതായിത്തീർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. എം.എൽ.എയുടെ ആസ്തിവികസന ഫണ്ടിൽ തുക ലഭിക്കുന്നതിനായി പി.വി.ഐ.പി പദ്ധതി കോതമംഗലം മണ്ഡലത്തിലെ റോഡുകളുടെ പേരും എസ്റ്റിമേറ്റും എം.എൽ.എ മാർക്ക് നൽകിയിട്ടുണ്ട്. എം.വി.ഐ.പി ബണ്ട് റോഡുകളുടെ പുനർനിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടില്ല. |
| ബി) | പ്രസ്തുത റോഡുകൾ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |
| സി) | പ്രസ്തുത റോഡുകൾ അടിയന്തരമായി സഞ്ചാര യോഗ്യമാക്കുന്നതിന് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ; | സി & ഡി | നിലവിൽ അനുവദിച്ച തുക ബണ്ട് റോഡുകളുടെ പണിപൂർത്തീകരിക്കുന്നതിന് അപര്യാപ്തമാണ്. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ / പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ